**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എറണാകുളം ജില്ല – കൊച്ചി നഗരസഭ - കേരള സ്റ്റേറ്റ് കോസ്റ്റൽ മാനേജ്മെന്റ് അതോറിറ്റി ഫയൽ ചെയ്ത SLP 6929 - 32/17-ാം നമ്പർ കേസിൽ കൊച്ചി നഗരസഭയ്ക്കുവേണ്ടി ചുമതലപ്പെടുത്തിയ അഡ്വക്കേറ്റ് ഫീസിനത്തിൽ നൽകേണ്ട തുക തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 2164/2018/തസ്വഭവ    തിരുവനന്തപുരം, തീയതി, 06/08/2018

---

പരാമർശം:- കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 15/02/2018 ലെ MOE11/24310/15 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

21/02/2016 -ാം തീയതിയിലെ W.A No.1987/14, WP(C)No.20555/15, 28102/15, 33715/15 എന്നീ കേസുകളിലെ വിധിന്യായപ്രകാരമുള്ള ബഹു.കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ ഉത്തരവിനെതിരെ സെക്രട്ടറി, കേരള സ്റ്റേറ്റ് കോസ്റ്റൽ മാനേജ്മെന്റ് അതോറിറ്റി ഫയൽ ചെയ്ത SLP 6929 - 32/17-ാം നമ്പർ കേസിൽ കൊച്ചി നഗരസഭയെ മൂന്നാം എതിർകക്ഷിയായി ചേർത്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കൊച്ചി നഗരസഭയ്ക്കുവേണ്ടി ചുമതലപ്പെടുത്തിയ അഭിഭാഷകന് ഫീസ് ഇനത്തിൽ 1,10,000/- രൂപ (ഒരു ലക്ഷത്തി പതിനായിരം രൂപ) നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് പരാമർശ കത്ത് പ്രകാരം കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊച്ചി നഗരസഭ മൂന്നാം എതിർകക്ഷിയായ SLP 6929 - 32/17-ാം നമ്പർ കേസിൽ കൊച്ചി നഗരസഭയ്ക്കുവേണ്ടി ചുമതലപ്പെടുത്തിയ അഭിഭാഷകന് ഫീസ് ഇനത്തിൽ നൽകേണ്ട 1,10,000/- രൂപ (ഒരു ലക്ഷത്തി പതിനായിരം രൂപ) നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**സിനി ജെ ഷുക്കൂർ,**

**ഡെപ്യൂട്ടി സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ, കോർപ്പറേഷൻ ഓഫീസ്, പി.ബി.നമ്പർ - 1016, എറണാകുളം

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ